മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# കണ്ടൽവനങ്ങൾ നൽകുന്നത് ഹെക്ടറിന് 194000 ഡോളർ വിലമതിക്കുന്ന പരിസ്ഥിതി സേവനങ്ങൾ



**കോയമ്പത്തൂർ** ▸ കണ്ടൽവനങ്ങൾ ആഗോളതലത്തിൽ പ്രതിവർഷം ഹെക്ടറിന് 1,94,000 ഡോളർ വിലമതിക്കുന്ന പരിസ്ഥിതി സേവനങ്ങൾ നൽകുന്നതായി പഠനങ്ങൾ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ കേന്ദ്രത്തിൽ രാജ്യാന്തര കണ്ടൽവനം സംരക്ഷണ ദിനാചരണത്തിലാണ് ഇതേക്കുറിച്ച് വിദഗ്ധരുടെ പരാമർശം.

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തിയ പരിപാടി കേന്ദ്രത്തിന്റെ ഡയറക്ടർ സി. കുഞ്ഞിക്കണ്ണൻ ഉദ്ഘാടനംചെയ്തു. ലോകമെമ്പാടുമുള്ള തീരദേശ സമൂഹങ്ങളുടെ ക്ഷേമത്തിനും ഭക്ഷ്യസുരക്ഷയ്ക്കും സംരക്ഷണത്തിനും കണ്ടൽക്കാടുകൾ എങ്ങനെ സംഭാവന ചെയ്യുന്നെന്ന് അദ്ദേഹം വിശദീകരിച്ചു.

സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റും എൻ.പി.എസ്. കോ-ഓർഡിനേറ്ററുമായ ഡോ. കണ്ണൻവാര്യർ കാലാവസ്ഥാ വ്യതിയാനങ്ങളെ ചെറുക്കുന്നതിൽ കണ്ടൽക്കാടുകളുടെ ഉയർന്ന കാർബൺശേഖരംമൂലം എങ്ങനെ സഹായിക്കുന്നെന്ന് വ്യക്തമാക്കി.

കണ്ടൽക്കാടുകളുടെ അവസ്ഥ, സംഭാവന, സംരക്ഷണം എന്നിവ സൂചിപ്പിക്കുന്ന പോസ്റ്ററുകൾ പുറത്തിറക്കി.

## ലോകത്ത് കണ്ടൽക്കാടുകൾ കുറയുന്നു

ആഗോള വനം കുറയുന്നതിനേക്കാൾ മൂന്നുമുതൽ അഞ്ചുവരെ മടങ്ങ് വേഗത്തിൽ കണ്ടൽക്കാടുകൾ അപ്രത്യക്ഷമാകുന്നു. ഇതുണ്ടാക്കുന്ന പാരിസ്ഥിതിക-സാമൂഹിക-സാമ്പത്തിക പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. 1990 മുതൽ ലോകത്ത് കണ്ടൽക്കാടുകളുടെ വിസ്തീർണം 1.04 ദശലക്ഷം ഹെക്ടർ കുറഞ്ഞു. എന്നാൽ, ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ സമീപകാല സ്ഥിതിവിവരക്കണക്കുകൾ ഉദ്ധരിച്ച് 2017 മുതൽ 2019 വരെ ഇന്ത്യയിൽ കണ്ടൽവനം 54 ചതുരശ്ര കിലോമീറ്റർ വർധിച്ചെന്ന് ഡോ. കണ്ണൻവാര്യർ ചൂണ്ടിക്കാട്ടി.

കേരളത്തിൽ 50 ചതുരശ്ര കിലോമീറ്റർ കണ്ടൽവനത്തിന് നാശം സംഭവിച്ചിട്ടില്ല. ഇന്ത്യയിലെ 12 പ്രധാന കണ്ടൽവാസ സ്ഥലങ്ങളിൽ ഗുജറാത്തിലും ഒഡിഷയിലും മഹാരാഷ്ട്രയിലും കണ്ടൽക്കാടുകളിൽ വർധനയുണ്ടായി. തമിഴ്നാട്ടിൽ നേരിയ ഇടിവ് രേഖപ്പെടുത്തി..

212. News in Mathrubhumi, 29.07.2020, Palakkad, Observance of International Day for the Conservation of the Mangrove Ecosystem by IFGTB ENVIS.